കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

താമരശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി3/1737/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി3/1737/2021 തീയ്യതി: 10/12/2021

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-12-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വാസുദേവൻ.എം	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	15-11-2021	29-11-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-11-2021	29-11-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഫീസർ

ശ്രീ.അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഇന്ദുകല സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജിഷ.പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഹാജറ കൊല്ലരുകണ്ടി	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീ.അബ്ദുൾബഷീർ. പി.കെ	സെക്രട്ടറി	01-04-2019	01-01-2020
ശ്രീ.ജയ്സെൻ.എൻ.ഡി	സെക്രട്ടറി	01-01-2020	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷിജോ.കെ.എ	കൃഷി ഓഫീസർ	01-04-2019	28-09-2019
ശ്രീമതി.സബീന.എം.എം	കൃഷി ഓഫീസർ	29-09-2019	31-03-2020
ഡോ.നിതിൻ സി.ജെ	വെറ്റിനറി സർജൻ	01-04-2019	07-04-2019
ഡോ.ജയശ്രി	വെറ്റിനറി സർജൻ	08-04-2019	31-03-2020
ഡോ.എം.കേശവനുണ്ണി	മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ)	01-04-2019	31-03-2020
ഡോ.മോഹനകുമാർ	മെഡിക്കൽഓഫീസർ (ഹോമിയോ)	01-04-2019	31-03-2020
ശ്രീ.എബ്രഹാം വർഗീസ്	ഹെഡ്മാസ്റ്റർ	01-04-2019	31-03-2020
ശ്രീമതി.നിഷ.കെ.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ.ജിഷാർ.പി.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	29-09-2019
ശ്രീമതി.ഫസ്ന.പി.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	30-09-2019	31-03-2020
ശ്രീമതി.ഗ്രീഷ്മ	വില്ലേജ് എക്സ്റ്റൻഷൻ	01-04-2019	31-03-2020

	ഓഫീസർ		
ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2019	31-03-2020
ശ്രീ.ഷമീർ.എ	ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ	01-04-2019	31-03-2020
ശ്രീ.സജിത്കുമാർ ഇ.പി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2019	10-12-2019
ശ്രീ.ദേവദാസൻ.കെ	അസിസ്റ്റന്റ് സെക്രട്ടറി	10-12-2019	31-03-2020
ശ്രീമതി.സുമില	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം- ബജറ്റ് പുതുക്കുന്നില്ല Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-1
2	വാർഷിക കണക്കിലെ അപാകതകൾ Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-2
3	സാമ്പത്തിക വിശകലനം Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-3
4	ഫണ്ട് വിനിയോഗം Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 10-12-2021)	1-4
5	ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-4-1
6	പദ്ധതി അവലോകനം Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-5
7	ക്യാഷ് പരിശോധന Written By: Jisha.P (Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-6
8	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Written By: Jisha Samuel (Asst. Audit Officer, On 02-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-7
9	എൻ.ആർ.ഇ.ജി.എസ്.- പ്രവൃത്തി ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല Written By: Jisha Samuel (Asst. Audit Officer, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-7-1
10	മസ്റ്റർ റോളിൽ തിരുത്ത്-ഗുരുതര വീഴ്ച Written By: Jisha Samuel (Asst. Audit Officer, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-7-2
11	വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ - നികുതി ചോർച്ചയ്ക്ക് കാരണമാകുന്നു Written By: C.V.Indukala (Senior Grade Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-8
12	വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ Written By: C.V.Indukala (Senior Grade Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-9
13	പാർക്കിംഗ് രേഖപ്പെടുത്തി അനുമതി വാങ്ങിച്ച സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിട നിർമ്മാണം Written By: C.V.Indukala (Senior Grade Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-10
14	തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. Written By: C.V.Indukala (Senior Grade Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-11
15	ജി.എസ്.ടി. ഈടാക്കിയതിൽ കുറവ് Written By: Jisha Samuel (Asst. Audit Officer, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-12
16	പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം - വൻതുക	1-13

	പാഴാക്കുന്നു Written By: Jisha Samuel (Asst. Audit Officer, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	
17	വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ Written By: Sreeja Thekkan (Audit Officer, On 28-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-14
18	ഹരിതാഭം പച്ചക്കറി കൃഷി- പ്രോജക്ട് മാനദണ്ഡങ്ങൾ പാലിച്ചില്ല. Written By: Abdul Nazeer T.P. (Senior Grade Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-15
19	വിവിധ പ്രോജക്ടുകളിലായി മാലിന്യസംസ്ക്കരണസംവിധാനങ്ങൾ സ്ഥാപിക്കാൻ അംഗീകാരമില്ലാത്ത സ്ഥാപനവുമായി കരാറിലേർപ്പെട്ടു. Written By: Abdul Nazeer T.P. (Senior Grade Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-16
20	പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല Written By: Abdul Nazeer T.P. (Senior Grade Auditor, On 30-11-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	1-17
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Jisha.P (Auditor, On 01-12-2021) Last Updated By: Jisha.P (Auditor, On 01-12-2021)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-5
6	സ്ഥിരനിക്ഷേപം Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: Jisha.P (Auditor, On 01-12-2021) Last Updated By: Jisha.P (Auditor, On 01-12-2021)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Jisha.P (Auditor, On 01-12-2021)	4-9

	Last Updated By: Vasudevan M (Deputy Director, On 09-12-2021)	
10	ഓഡിറ്റ് പ്രത്യവലോകനം Written By: Jisha.P (Auditor, On 02-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Jisha.P (Auditor, On 01-12-2021) Last Updated By: Vasudevan M (Deputy Director, On 09-12-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം- ബജറ്റ് പുതുക്കുന്നില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

ബജറ്റിൽ വകയിരുത്തിയ തുകക്ക് കൂടുതലോ ഉൾപ്പെടാത്ത ഇനത്തിലോ ചെലവഴിക്കുമ്പോൾ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അംഗീകരിച്ച മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിക്കുമ്പോൾ തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.

ഹെഡ്	ബജറ്റ് പ്രൊവിഷൻ	പുതുക്കിയ ബജറ്റ് പ്രൊവിഷൻ	വാർഷിക കണക്ക് പ്രകാരമുള്ളത്
255	0	745000	9527956

വരവ് / ചെലവ് കണക്കുകളുടെ വൻവ്യതിയാനം വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല

ഉദാഹരണം താഴെ കൊടുക്കുന്നു

ഹെഡ്	ബജറ്റ് പ്രൊവിഷൻ	പുതുക്കിയ ബജറ്റ് പ്രൊവിഷൻ	വാർഷിക കണക്ക് പ്രകാരമുള്ളത്
256	0	0	702561

ബജറ്റ് പ്രൊവിഷനെക്കാൾ കുറഞ്ഞ തുക വരവ് വരുന്നവ /ചെലവ് വരുന്നവ നിരവധിയാണ് .

ചില ഉദാഹരണം താഴെ കൊടുക്കുന്നു .

ക്രമ നമ്പർ	ഹെഡ്	ബജറ്റ് പ്രൊവിഷൻ	പുതുക്കിയ ബജറ്റ് പ്രൊവിഷൻ	വാർഷിക കണക്ക് പ്രകാരമുള്ളത്
1	110	16529889.44	17,620,000	14,017,845
2	250	10,614,000	8,463,800	4,668,000
3	251	64,425,130	62,523,247	40,961,936
4	252	14,110,000	21,639,132	1,603,956
5	254	70,000,000	48,000,000	22,508,805

എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മയാണ് ഇതിൽനിന്നും വ്യക്തമാകുന്നത് .

ബജറ്റ് പ്രൊവിഷനെക്കാൾ കൂടുതൽ / കുറവ് തുക ചെലവഴിച്ചതും ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിൽ തുക ചെലവഴിച്ചതും വിശദീകരിക്കേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. Sale Of Tender Forms ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 4,15,317/- രൂപ വരവുണ്ട്. പ്രസ്തുത വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ E-Tender മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ഉള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കോ-ഓപ്പറേറ്റീവ് ബാങ്ക്(വെസ്റ്റേൺ ഘട്ട്), എസ്.ബി.ടി-എസ്.എസ്.എ എന്നിവയുടെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. KGB(MP Fund) റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ തുകയും അക്കൗണ്ടിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ ലഭ്യമാക്കിയ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയോ എന്ന് പരിശോധിക്കാൻതക്ക രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

5. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 75,820 രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

7. ഡി ആന്റ് ഒ ലൈസൻസ് ഇനത്തിലെ ഡിമാന്റ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തിൽ അഡ്വാൻസ് കളക്ഷനായി ലഭിക്കുന്ന തുക, തൻവർഷത്തെ യഥാർത്ഥ വരവ്, അടുത്ത വർഷത്തേയ്ക്കുള്ള അഡ്വാൻസ് കളക്ഷൻ എന്നിവ പരിശോധിക്കാവുന്ന വിധത്തിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളോ, സംക്ഷിപ്തമോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8. വാർഷിക കണക്കുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ലേല രജിസ്റ്ററിൽ എല്ലാ ലേല വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. ലേല രജിസ്റ്ററിൽ വാർഷികസംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ൽ ഉൾപ്പെട്ടതും, പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ചതുമായ തുകയുടെ(പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ ഒന്നിലധികം ഇനങ്ങൾ ഒരുമിച്ച് നിക്ഷേപിക്കുന്ന) വരവ്, ചെലവ് വിവരങ്ങൾ പരിശോധിക്കാനുതകും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

10. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്.

11. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിട്ടില്ല.

12. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 360000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ പ്രസ്തുത ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല.

13. തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമായ കണക്കും അക്കൗണ്ട്സിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/ 2019-20 തിയതി 27.11.21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	49182334
വരവ്	85466248
ആകെ	134648582
ചെലവ്	77382483
നീക്കിയിരിപ്പ്	57266099

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	22381426	22381426	14874033	7507393
വികസന ഫണ്ട് (SCP)	0	8636471	8636471	4726508	3909963
വികസന ഫണ്ട് (TSP)	0	348000	348000	186406	161594
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	17897412	17897412	6990569	10906843
മെയിന്റനൻസ്(നോൺ റോഡ്)	0	4917000	4917000	2355204	2561796
മെയിന്റനൻസ്(റോഡ്)	0	10615000	10615000	3426376	7188624
കേന്ദ്രാവിഷ്കൃത ഫണ്ട്(ഐ.സി.ഡി.എസ്)	0	445262	445262	445262	0
കേന്ദ്രാവിഷ്കൃത ഫണ്ട്(എൻ.ആർ.ഇ. ജി.എ) തൊഴിലാളികളുടെ കൂലി	0	29803621	29803621	29803621	0
കേന്ദ്രാവിഷ്കൃത ഫണ്ട്(എൻ.ആർ.ഇ.ജി.എ) അഡ്മിനിസ്ട്രേറ്റീവ് ചെലവ്	34032	1143246	1117278	1116468	810
സംസ്ഥാനാവിഷ്കൃത ഫണ്ട്(	1856369	190000	2046369	380000	1666369

ശുചിത്വ മിഷൻ)					

1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

ഫണ്ടിനം	മേഖല	സുലേഖയിലെ അലോക്കേഷൻ	ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ
വികസനഫണ്ട് ജനറൽ	ഉത്പാദനം	5618400	12106400
	സേവനം	22314093	118785891
വികസനഫണ്ട് എസ്.സി.പി.	ഉത്പാദനം	450000	650000
	സേവനം	7948801	36201511
വികസനഫണ്ട് ടി.എസ്.പി.	സേവനം	339000	405000
സംരക്ഷണഗ്രാന്റ് റോഡിതരം	ഉത്പാദനം	275600	502400
	സേവനം	5600400	14375320

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പിലാക്കിയ പദ്ധതി	ചെലവഴിച്ച തുക	ശതമാനം
344	143900566	181	53456335	37.14

മുൻ വർഷം സ്പിൽ ഓവർ പദ്ധതിക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണ വിനിയോഗം നടന്നിട്ടില്ലെന്ന് കാണാം. ആകെ വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഫണ്ട്	വകയിരുത്തിയത്	ബജറ്റ് അലോട്ട്മെന്റ്	അവസാന അലോട്ട്മെന്റ്	2 - 3	4 - 3
	1	2	3	4	5	6
1	പ്ലാൻ ഫണ്ട്	28132800	24451000	22381426	3681800	-2069574
2	എസ്.സി.പി	9398801	8710000	8636471	688801	-73529
3	ടി.എസ്.പി	348000	348000	348000	0	0
4	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	19872780	17893000	17897412	1979780	4412
5	മെയിന്റനൻസ് നോൺ റോഡ്	5876000	4917000	4917000	959000	0

6	മെയിന്റനൻസ് റോഡ്	12700000	10615000	10615000	2085000	0
ആകെ		76328381	66934000	64795309	9394381	-2138691

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതികൾക്കായി 9394381 രൂപ വകയിരുത്തിയതായി കാണുന്നു. 15.5.2019ലെ 990 / 19 തസ്വഭവ ഉത്തരവ് പ്രകാരം ബജറ്റ് വിഹിതത്തിന്റെ 20 % വരെ ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് വകയിരുത്താമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 14% വകയിരുത്തലാണ് സ്ഥാപനം നടത്തിയത് .

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,28,435/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
കൂലി	34032	29803621	29803621	810
അഡ്മിനിസ്ട്രേറ്റീവ്		1143246	1176468	

തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം

1-7-1 എൻ.ആർ.ഇ.ജി.എസ്.- പ്രവൃത്തി ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ MGNREGS പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ മെറ്റീരിയൽ പ്രവൃത്തികളിൽ ഏഴെണ്ണത്തിന്റെ മെറ്റീരിയൽ വില 2.5 ലക്ഷത്തിൽ കൂടുതലാണ്. ഇത്തരം പ്രവൃത്തികളുടെ ബിൽ തുക നല്കുമ്പോൾ സെൻട്രൽ ഫിനാൻസ് മിനിസ്ട്രിയുടെ 14.9.2018 ലെ CBEC Circular No.65/39/2018-DOR പ്രകാരം 2% ജി എസ് ടി ഈടാക്കേണ്ടതുണ്ട്. എന്നാൽ 7 പ്രവൃത്തികളിലും ജി.എസ്.ടി ഈടാക്കാതെയാണ് തുക നല്കിയിരിക്കുന്നത്. പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമനം	പ്രവൃത്തി	മെറ്റീരിയൽ വില	ജി എസ് ടി 2%
1	വാഴയിൽ റോഡ് കോൺക്രീറ്റ്	359446/-	7189
2	ചാലുമ്പാട്ടിൽ റോഡ് കോൺക്രീറ്റ്	269719/-	5394
3	ചടച്ചിക്കുന്ന് കാരാട്ട് ഇടവഴികോൺക്രീറ്റ്	264232/-	5285
4	കൊല്ലരുകണ്ടി പൂക്കോട്ടിലുമ്മാരം ഇടവഴി കോൺക്രീറ്റ്	336490/-	6730
5	വാടിക്കൽ കുരുടൻചാൽ റോഡ് കോൺക്രീറ്റ്	310703/-	6214
6	കളത്തുംപൊയിൽ കിഴക്കേ താന്നിക്കണ്ടി റോഡ് കോൺക്രീറ്റ്	315600/-	6312

7	പൊയിൽ ഒതയോത്ത് ഫൂട്ട്പാത്ത്	270524/-	5411
ആകെ			**42535/-**

ജി.എസ്.ടി. ഈടാക്കാതെ ബിൽ തുക കരാറുകാർക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ആയത് ഈടാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. തുക കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-7-2 മസ്റ്റർ റോളിൽ തിരുത്ത്-ഗുരുതര വീഴ്ച

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹണം നടത്തിയ പ്രവൃത്തിയാണ് പൂതർകുഴിക്കൽ റോഡ് കോൺക്രീറ്റ്. 31.12.19 മുതൽ 6.1.20 വരെയാണ് ഈ പ്രവൃത്തി നടന്നിട്ടുള്ളത്. ഫയലിൽ ലഭ്യമായ മസ്റ്റർ റോൾ (നമ്പർ 8317/28.12.19) പ്രകാരം നാലു വിദഗ്ധ തൊഴിലാളികൾ 27 ദിവസം തൊഴിൽ ചെയ്തയിനത്തിൽ 22,950/-രൂപ ചെലവഴിച്ചിട്ടുണ്ട്(വേജ് ലിസ്റ്റ് 1604003SWL02327SIBL0000428-B). മസ്റ്റർറോളിൽ നാലു തൊഴിലാളികളുടെ പേരും, ഒപ്പും രേഖപ്പെടുത്തിയതിൽ പേരുകൾ പിന്നീട് തിരുത്തി മറ്റു നാലാളുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നു. ഒപ്പുകൾ തിരുത്തിയിട്ടില്ല. പുതുതായി ഉൾപ്പെടുത്തിയ നാലു പേർക്കാണ് വേതനം നൽകിയിട്ടുള്ളത്. മസ്റ്റർ റോളിൽ തിരുത്തൽ വരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മസ്റ്റർ റോളിൽ ഇത്തരത്തിൽ തിരുത്തൽ വരുത്തുന്നത് ഗുരുതര പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. തിരുത്തൽ നടത്തുന്നതിലേയ്ക്ക് നയിച്ച സാഹചര്യം കണ്ടെത്തേണ്ടതും, ഇത്തരത്തിൽ ചെയ്യുക വഴി യഥാർത്ഥ തൊഴിലാളിക്ക് പണം ലഭിക്കാതിരുന്ന സാഹചര്യമുണ്ടായിട്ടു ണ്ടോയെന്ന് പരിശോധിക്കേണ്ടതും, ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറിയുടേയും, ബന്ധപ്പെട്ട ബ്ലോക്ക്തല ഉദ്യോഗസ്ഥരുടേയും ഇടപെടൽ ഉറപ്പാക്കേണ്ടതുമാണ്. മേൽ അപാകതയുണ്ടാകാനിട യാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-8 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ - നികുതി ചോർച്ചയ്ക്ക് കാരണമാകുന്നു

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുമുള്ള വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. **വാണിജ്യ കെട്ടിടങ്ങൾ - വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ചട്ടപ്രകാരമുള്ള വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല.**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ഫോറം 6 ലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ, ഒരേ ഉപയോഗക്രമത്തിലുള്ള വാണിജ്യകെട്ടിടം വിഭജിച്ച് നികുതി നിർണ്ണയം നടത്തുന്ന അവസരത്തിൽ 250m2 ന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ കാര്യത്തിൽ തറ നിർമ്മിതിയ്ക്ക് ആനുപാതിക മായ വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. ഇത് ഗ്രാമപഞ്ചായത്തിൽ നികുതിയിന ത്തിൽ വൻതോതിലുള്ള കുറവ് വരുത്തുന്നതിന് ഇടയാക്കുന്നു. അടിസ്ഥാന നികുതി നിർണ്ണയത്തിൻമേലുള്ള വർദ്ധനവിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം വസ്തുക്കൾകൊണ്ട് നിർമ്മിച്ചവയിൽ 250 M2 ൽ കൂടുതൽ വിസ്തീർണ്ണത്തോടെ യുള്ള തറയ്ക്ക് അടിസ്ഥാന നികുതിയിൽ നിന്ന് 15% വർദ്ധനവ് ഉണ്ട്. ഉയർന്ന ചതുരശ്ര മീറ്ററിൽ നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സ്, Residential Flat എന്നിവയുടെ കാര്യത്തിലും ഇത്തരത്തിൽ വിഭജിച്ച് കെട്ടിടനമ്പർ നൽകുന്നത് വഴി സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ കെട്ടിട നമ്പറിലും 250m2 ൽ കുറവ് വിസ്തീർണ്ണമായാണ് പരിഗണിക്കപ്പെടുന്നത്. ഇത് കാരണം നികുതി നിർണ്ണയത്തിൽ ചട്ടപ്രകാരമുള്ള വർദ്ധനവ് ഒഴിവായിപ്പോകുന്നു.

ഈ വിഷയം ഐ.കെ.എം- ന്റെ ശ്രദ്ധയിൽപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി 250 M2 ന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങളിൽ മേൽത്തരം വസ്തുക്കളാൽ നിർമ്മിതമായ തറ എങ്കിൽ ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്തു ന്നതിന് ശ്രദ്ധിക്കേണ്ടതും ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

2. ചട്ടങ്ങൾക്കു വിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിലെ ചട്ടം 11, 12 എന്നിവയിൽ വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച നടപടികൾ വിശദീകരിക്കുന്നുണ്ട്. ചട്ടം 11(1) പ്രകാരം ഒരു ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയതും, അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തുനികുതി റിട്ടേൺ ഫോറം നമ്പർ 2 ൽ സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. ഉപചട്ടം(2)ൽ കെട്ടിട ഉടമ സമർപ്പിക്കുന്ന റിട്ടേൺ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ കെട്ടിട ഉടമയ്ക്ക് നമ്പറിട്ട കൈപ്പറ്റ് രസീത് നൽകേണ്ടതും, റിട്ടേണുകളുടെ വിവരം വാർഡ് അടിസ്ഥാനത്തിലുള്ളതും, കെട്ടിട നമ്പറുകൾ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടു മുള്ളതുമായ വസ്തു നികുതി റിട്ടേൺ രജിസ്റ്ററിൽ (ഫോറം 3)രേഖപ്പെടുത്തേണ്ടതുമാണ്.

ചട്ടം 12 ഉപചട്ടം (4) പ്രകാരം കെട്ടിട ഉടമ റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്തു പോയി ഫോറം 6 ൽ ശേഖരിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതുമാണ്.

ഓഡിറ്റ് വർഷത്തിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ചതും, നികുതി നിർണ്ണയം നടത്തിയതുമായ ഫയലുകൾ പരിശോധിച്ചപ്പോൾ, മേൽ വിവരിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഫോറം 2 ഉടമയിൽ നിന്നും ശേഖരിക്കാതെയാണ് നികുതി നിർണ്ണയിക്കുന്നതായി കാണുന്നത്. ഉടമയുടെ പേരും മേൽവിലാസവും മാത്രം രേഖപ്പെടുത്തിയിട്ടുള്ള ഫോറം 2 മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ചട്ടവിരുദ്ധമായി നികുതി നിർണ്ണയം നടത്തുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

3. വസ്തുനികുതി നിർണ്ണയം - മുഴുവൻ റോഡുകളുടെയും വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ടുള്ള പരിശോധനയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 16 റോഡുകൾ മാത്രമാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 5 മീറ്ററും 5 മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളുടെ പേരുവിവരം ലിസ്റ്റ് ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഹൈവെ റോഡുകളും, പൊതുമരാമത്ത് റോഡുകളും ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് റോഡുകളുമുൾപ്പെടെ ഇത് പ്രകാരം തന്നെ 155 റോഡുകൾ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. 10% റോഡുകൾ മാത്രമാണ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ റോഡുകളുടെയും പേരുവിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തത് കാരണം വസ്തുനികുതിയിനത്തിൽ നഷ്ടത്തിന് സാധ്യതയേറെയാ ണ്.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയോട് ചേർന്നുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും ഇളവുമുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ പേരും മറ്റുവിവരവും ലഭ്യമാവാത്ത സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന സമയത്ത് 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ മാന്വലായി നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കൃത്യമായ വിവരം ഉൾപ്പെടുത്താത്ത റോഡിൽ നിന്നും പ്രവേശനമുള്ള/റോഡിനോട് ചേർന്നു കിടക്കുന്ന കെട്ടിടങ്ങളുടെ

നികുതി നിർണ്ണയം നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിലെ നാലു ഓപ്ഷനുകളിൽ വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ, നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ, മാന്വലായി ഒരു ഓപ്ഷൻ സ്വീകരിക്കുകയോ ചെയ്യുന്നതായി കാണുന്നു. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻനികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന എല്ലാതരം റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. **<u>സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ചുമത്താവുന്ന താണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ചട്ടപ്രകാരമുള്ള സേവനഉപനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിററ് അന്വേഷണക്കുറിപ്പിന്(10/2019-20 തീ. 27.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>1-9 വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ</u>

പഞ്ചായത്തിൽ മാന്വലായി ന്യൂബിൽഡിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ പഞ്ചായത്തിലെ 2019-20 ലെ സഞ്ചയ പ്രകാരമുള്ള ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ ആവശ്യത്തിനായി നിർമ്മിച്ച് നമ്പർ നൽകിയതും 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ വാണിജ്യ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിനെ ഒറ്റ യൂണിറ്റായി പരിഗണിക്കാതെ 100 ച.മീറ്ററിൽ കുറവുള്ള മുറികളായി വിഭജിക്കുകയും ഇവയ്ക്ക് കുറഞ്ഞ നികുതി നിരക്ക് (100 ച.മീറ്ററിൽ കുറഞ്ഞ നിരക്ക്) നൽകി നികുതി ഈടാക്കുകയും ചെയ്തു. ഇപ്രകാരം നികുതി കണക്കാക്കിയ കെട്ടിടങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	ഫയൽ നം	കെട്ടിട നമ്പർ	ആകെ വിസ്തീർണ്ണം	കെട്ടിടം ഉൾപ്പെടുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി
1	B1/7424/19 Dtd 20-09-19	18/237 A,C	141.65 M2	പ്രാഥമികം, വഴി ഇളവില്ല. എന്നാൽ കെട്ടിടത്തിന് ദ്വിതീയ മേഖലയുടെ ഇളവ് നൽകി
2	B1/12448/15 Dtd 10/09/15	5/171 A To H	299.68 M2	പ്രാഥമികം , വഴി ഇളവില്ല
3	B1/15387/15 Dtd 18-11-15	5/172 B To I	276.95 M2	പ്രാഥമികം , വഴി ഇളവില്ല

4	B1/5214/15 Dtd 23-3-16	5/250 A To S	276.04 M2	പ്രാഥമികം , വഴി ഇളവില്ല
5	B1/17297/15 Dtd 23/12/15	4/466 A To C	165 M2	പ്രാഥമികം , വഴി ഇളവില്ല
6	B1/13046/15 Dtd 23-09-15	11/65 A To F	141.33 M2	പ്രാഥമികം , വഴി ഇളവില്ല
7	B1/11249/15 Dtd 18-11-15	4/281 A To D	108 M2	പ്രാഥമികം , വഴി ഇളവില്ല
8	B1/5724/19 Dtd 20-06-19	2/27B,D, F,H,I,L	188.7 M2	പ്രാഥമികം , വഴി ഇളവില്ല
9	B1/112011/19 Dtd 06-12-19	14/428 A,B,C,D	110.32 M2	പ്രാഥമികം , വഴി ഇളവില്ല
10	B1/ 517/20 Dtd 12-3-20	12/116 V,W,X	178.71 M2	പ്രാഥമികം , വഴി ഇളവില്ല

നിർമ്മാണം പൂർത്തിയായി പുതുതായി നികുതി കണക്കാക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തുന്നതിലെ മേൽ പരാമർശിച്ച പ്രകാരമുള്ള അപാകത പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ സ്ഥായിയായ നഷ്ടം വരുത്തുന്നതിന് ഇടയാക്കുന്നു. നികുതി കണക്കാക്കുമ്പോൾ സൂപ്പർവിഷൻ ചുമതലയുള്ള ജൂനിയർ സൂപ്രണ്ട് സെക്രട്ടറി എന്നിവർ കൃത്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ച അപാകതയ്ക്ക് പ്രധാന കാരണമായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19-20 Dtd 29-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കണക്കാക്കിയതിലെ മേൽ അപാകതകൾ പരിഹരിച്ച് കുടിശ്ശിക നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-10 പാർക്കിംഗ് രേഖപ്പെടുത്തി അനുമതി വാങ്ങിച്ച സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിട നിർമ്മാണം

ഫയൽ നം. ബി1-6119/2019

ഗ്രാമപഞ്ചായത്തിലെ രാരോത്ത് വാർഡിൽ ശ്രീ. സെയ്തലവി, ശ്രീ. മൂസ്സക്കുട്ടി, ശ്രീ. അനിൽകുമാർ തുടങ്ങിയവർക്ക് വാണിജ്യകെട്ടിട നിർമ്മാണത്തിനായി 2013-14 വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്(BL-22/13-14 Dt. 05.08.2013) . പെർമിറ്റ് പുതുക്കി നൽകിയിട്ടുമുണ്ട്. 2018 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തത് സംബന്ധിച്ചും സമർപ്പിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതായും റിപ്പോർട്ട് ചെയ്തു. ഈ അപാകതകൾ പരിഹരിച്ചതായി അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനടുത്ത് സ്ഥിതി ചെയ്യുന്ന മേൽ കെട്ടിട ത്തിന്റെ കംപ്ലീഷൻ പ്ലാനിൽ പാർക്കിംഗ് ഏരിയ ആയി കാണിച്ച സ്ഥലത്ത് ഒരു കെട്ടിടം പണികഴിപ്പിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നിന്നു നോക്കിയാൽ തന്നെ കാണാവുന്നതാണ്. പ്രസ്തുത നിർമ്മാണം ഒഴിവാക്കാൻ ഉടമയോട് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഈ നിർമ്മാണം ഒഴിവാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ട താണ്. പുതുതായി നിർമ്മിച്ച് പ്രവർത്തിച്ചു വരുന്ന ഭാഗത്തിന് പഞ്ചായത്ത് അനുമതി

നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/2019-20 തീ.27.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തി ന്റെ അനുമതിയോടെ നിർമ്മിച്ചതല്ലായെങ്കിൽ/ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലി ച്ചുള്ള നിർമ്മാണമാണെങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കേ ണ്ടതാണ്.

1-11 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്തി അവരിൽ നിന്നെല്ലാം നികുതി ഈടാക്കിയിട്ടുണ്ടോ /അത്തരം നികുതിദായകരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്റർ/റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ലഭ്യമായില്ല.

1.ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ലർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ്തല ഇൻസ്റ്റിറ്റ്യൂഷൻ/ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതാ യി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ Tradersൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

3. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, റേഷൻ കടകളുടെ ലൈസൻസികൾ, കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി ആദായമുണ്ടാക്കുന്നവർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസേഴ്സ് തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

5.ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതി അടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

6. ഭിന്നശേഷിക്കാരെ നികുതിയിൽ നിന്നും ഒഴിവാക്കുന്ന സന്ദർഭങ്ങളിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്തുന്നില്ല.

7.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും/ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ക്രമ നം.	സ്ഥാപനത്തിന്റെ പേര്/ജീവനക്കാരന്റെ പേര്	വിശദാംശം
1	ശ്രീമതി. അനില, ഗ്രാമ പഞ്ചായത്ത്ഓഫീസ്	രണ്ട് അർദ്ധവർഷത്തെയും നികുതി ഈടാക്കിയതായി കാണുന്നില്ല.
2	ശ്രീ. സരിൻ. എം. എസ്, ഗ്രാമ പഞ്ചായത്ത്ഓഫീസ്	രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി കാണുന്നില്ല
3	LAQA ഗോൾഡ് &	രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി കാണുന്നില്ല

	ഡയമണ്ട്സ്	
4	Ecom Express	
5	കോഴിക്കോട് റബ്ബർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്	
6	മാർജിൻ ഫ്രീ മാർക്കറ്റ്	
7	TS No.2 കള്ള് ഷാപ്പ് അണ്ടോണ	
8	കൂടത്തായ് ഗ്യാസ് ഏജൻസീസ്	
9	ത്രീവേണി സൂപ്പർമാർക്കറ്റ്	
10	SML Finance Ltd	
11	ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ഫിനാൻസ്	
12	ചോല ബിസിനസ്സ് സർവ്വീസസ് ലിമിറ്റഡ്	
13	ജനറൽ മോട്ടോർസ്	
14	കണ്ണങ്കണ്ടി സെയിൽസ്	
15	ഇലക്ട്രിക്കൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്	
16	മാരുതി സുസുക്കി	
17	SBI Life Insurance	
18	താമരശ്ശേരി PCARD Bank	
19	AMLPS പൂനൂർ	
20	NIR ഹയർസെക്കണ്ടറി സ്കൂൾ പരപ്പൻപൊയിൽ	
21	KRS ഫ്യൂയൽ സ്റ്റേഷൻ	
22	KSRTC	രണ്ടാം അർദ്ധവർഷത്തിൽ 4,20,000/-രൂപ 17.02.2020 ൽ ലഭിച്ചുവെന്ന് പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/2019-20 തീ. 27-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നിയമത്തിൽ അനുശാസിക്കും വിധമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ക്രമ നം.(7) ൽ

പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

1-12 ജി.എസ്.ടി. ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തി തുക നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ബിൽ തുക കണക്കാക്കിയപ്പോൾ നിയമാനുസൃതമായി ഈടാക്കേണ്ട നികുതികളിൽ കുറവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു,

1. പ്രോജക്ട് : വെഴപ്പൂർ, ചാമക്കാല, ചെമ്പ്, ഈർപ്പോണ അംഗൻവാടി ചുറ്റുമതിൽ (285/20)

അടങ്കൽ : 6,00,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 427908/- ബിൽ നം. 1/19-20/4.5.19

171407/- ബിൽ നം. 26/19-20/28.9.19

മേൽ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി, കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി. എന്നിവ കുറവു വരുത്തി. എന്നാൽ ഫൈനൽബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി. (2%)ഈടാക്കാതെ കരാറുകാരന് തുക നൽകി. ഈയിനത്തിൽ 3428/-രൂപ (171407 X 2/100)കരാറുകാരന് അധികം നൽകി.

2. അംഗൻവാടികളുടെ കെട്ടിട നിർമ്മാണം(314/17)

അടങ്കൽ : 20,00,000/-(10,00,000/- തനതുഫണ്ട്

10,00,000/- കേന്ദ്രാവിഷ്കൃതഫണ്ട്)

ചെലവ് : 446985/- ബിൽ നം. 126/21.11.18

254493/- ബിൽ നം.409/27.3.19

263754/- ബിൽ നം. 70/25.9.19

ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ നൽകുന്നത് 2018 നവംബർ മാസത്തിലാണ്. 1.4.18 മുതൽ 30.6.18വരെ നടന്ന വിവിധ പ്രവൃത്തികളുടെ തുകയാണിത്. തുടർന്നുള്ള പ്രവൃത്തികൾ നടന്നിരിക്കുന്നത് 2.11.18 മുതൽ ആണ്. അതുകൊണ്ടു തന്നെ ഈ പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ 14.9.18 ലെ CBEC സർക്കുലർ നം.65/39/2018-DOR പ്രകാരം 2% ജി.എസ്.ടി. ഈടാക്കേണ്ടതുണ്ട്. എന്നാൽ രണ്ടാം പാർട്ട് ബില്ലിലും, ഫൈനൽ ബിൽ അനുവദിച്ചപ്പോഴും ജി.എസ്.ടി. തുക ഈടാക്കിയിട്ടില്ല. ഈയിനത്തിൽ കരാറുകാരന് 10365/- രൂപ അധികം നൽകി(254493 + 263754= 518247 X 2/100).

നിയമാനുസൃത നികുതി ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല . കരാറുകാരന് അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

1-13 പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം - വൻതുക പാഴാക്കുന്നു

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ 223 പ്രോജക്ടുകളാണ് നിർവ്വഹണത്തിനുണ്ടായിരുന്നത്. ഇതിൽ 44 എണ്ണം സ്പിൽഓവർ പ്രവൃത്തികളാണ്. തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ച ആകെ തുകയിൽ 46.3% വും ചെലവഴിച്ചത് സ്പിൽഓവർ പ്രവൃത്തികൾക്കാണ്. സ്പിൽഓവർ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരം ഫണ്ട് തിരിച്ച താഴെ കൊടുക്കുന്നു.

ഫണ്ടിനം	അടങ്കൽ	ചെലവ്
വികസനഫണ്ട് ജനറൽ	3135881	751420

വികസനഫണ്ട് എസ്.സി.പി.	600000	248496
ധനകാര്യകമ്മീഷൻ ഗ്രാന്റ്	2174539	1621302
സംരക്ഷണഗ്രാന്റ് റോഡ്	2635000	2626467
സംരക്ഷണഗ്രാന്റ് റോഡിതരം	1709119	1162326
തനതുഫണ്ട്	6577692	3898018
സംസ്ഥാനാവിഷ്കൃത ഫണ്ട്	1000000	-
കേന്ദ്രാവിഷ്കൃത ഫണ്ട്	2000000	-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1559219	294376
ജില്ലാ പഞ്ചായത്ത് വിഹിതം	863380	-
ആകെ	22254830	10602405

തൻവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ആകെ ചെലവ് 22881404/- രൂപയാണ്. ഇതിൽ 46.3% വും സ്പിൽഓവർ പ്രവൃത്തികൾക്കാണെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു.

44 സ്പിൽഓവർ പദ്ധതികളുണ്ടായിരുന്നവയിൽ 13 എണ്ണത്തിന് തൻവർഷവും ചെലവുണ്ടായില്ല. ഇവയിൽ 10 എണ്ണം തുടർ വർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇവ പരിശോധിച്ചാൽ 3 പ്രോജക്ടുകൾ ക്യൂബില്ലായിട്ടാണ് തുടർവർഷ ത്തേയ്ക്ക് വന്നിട്ടുള്ളതെന്ന് കാണാം. 2018-19 വർഷത്തിൽ രൂപീകരിച്ച് പ്രാഥമിക നടപടികളെല്ലാം പൂർത്തീകരിച്ച ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ ഉണ്ടായ കാലതാമസമാണ് ഇവ ക്യൂബില്ലാകാനും/ചെലവില്ലാതാകാനും കാരണമായത്. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക10 നിർദ്ദേശ പ്രകാരം ഭേദഗതിയില്ലാത്ത സ്പിൽഓവർ പ്രോജക്ടുകൾ ഏപ്രിൽ മാസം മുതൽ നിർവ്വഹണം നടത്താം. എന്നാൽ മേൽ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളും ആരംഭിക്കുന്നത് കാലതാമസത്തോടെയാണ്. കൂടാതെ പല പ്രവൃത്തിയും യഥാർത്ഥ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം വേണ്ടി വന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കാലതാമസമുണ്ടാകുകയും, ഈ താമസം പ്രവൃത്തികൾ വീണ്ടും തുടർവർഷത്തേയ്ക്ക് തുടരുന്നതിന് കാരണമാകുകയും ചെയ്തു.

വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് ട്രഷറിയിൽ സമർപ്പിച്ച 1,77,03,069/- രൂപ തൻവർഷം ചെലവഴിക്കാനാകാതെ ക്യൂ ബില്ലാകുകയും, തുടർവർഷത്തെ അലോട്ട്മെന്റിൽ നിന്നും ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. 2019-20 വർഷാവ സാനത്തിൽ കോവിഡ് പശ്ചാത്തലമുടലെടുത്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ ത്തിന് വർഷാവസാനം വരെ കാത്തിരുന്നത് ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ തൻവർഷ ഫണ്ടുകൾ നഷ്ടപ്പെടു ത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. 2019-20 വർഷാവസാനത്തിൽ മറ്റൊരു പഞ്ചായത്തിന്റെ ചാർജ്ജ് കൂടി തനിക്കുണ്ടായിരുന്നതി നാലും, പ്രോജക്ടുകളുടെ ബാഹുല്യവും കാരണവുമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും, കൂടാതെ ജൂൺ മുതൽ ഡിസംബർ വരെയും മഴ ലഭിക്കുന്ന താമരശ്ശേരി പ്രദേശത്ത് റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഡിസംബർ, ജനുവരി മാസം വരെ കാത്തിരിക്കേണ്ടി വരുന്നുവെന്നു മാണ് മറുപടിയിൽ വിശദീകരിക്കുന്നത്. കൂടാതെ വളരെയധികം വരുന്ന ബില്ലുകൾ ക്യൂ ബില്ലായി മാറിയതും ചെലവ് ശതമാനം കുറയുന്നതിന് കാരണമായെന്നും വിശദീകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ വിശദീകരിച്ച പ്രവൃത്തികളുടെ ബാഹുല്യമാണ് മേൽ അപാകതയ്ക്ക് പ്രധാനമായും വഴി വച്ചതെന്ന് ഓഡിറ്റ് അംഗീകരിക്കുന്നു. എന്നിരുന്നാലും സ്പിൽഓവർ പ്രവൃത്തികൾ പോലും യഥാസമയം യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടക്കുന്നില്ലെന്ന് മുകളിൽ വിവരിച്ച കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ഈ വിഷയത്തിൽ ശരിയായ

ആസൂത്രണമുണ്ടാ കേണ്ടതും, കാലാവസ്ഥ കൂടി പരിഗണിച്ച് പ്രവൃത്തി നിർവ്വഹണം(പ്രവർത്തന കലണ്ടർ) ക്രമപ്പെടുത്തി മുന്നോട്ട് പോകേണ്ടതുമാണ്. പ്രവൃത്തികളുടെ ബാഹുല്യം കൊണ്ട് ഓരോ വർഷവും കോടികൾ വരുന്ന ഫണ്ട് ഉപയോഗപ്പെടുത്താനാകാതെ നഷ്ടപ്പെടുത്തുന്നത് ഭരണസമിതിയുടെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ശരിയായ ഇടപെടലില്ലാത്തതി നാലാണന്ന് തിരിച്ചറഞ്ഞ് ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം. : 166 /20

അടങ്കൽ തുക : 1556400/- (തനത്ഫണ്ട്)

ചെലവു തുക : 1556400/- രൂപ (ചെക്ക് നമ്പർ 303258/28/10/2019)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (4000 ലിറ്റർ കുടിവെള്ളത്തിന് ഒരു കിലോമീറ്ററിന് 450 രൂപ നിരക്കിൽ) ശ്രീ.പി.കെ ഷാനവാസിന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുക യുണ്ടായി (25-3-19ലെ 3/3നംപർ തീരുമാനം). തുടർന്ന് ജി.പി.എസ് സംവിധാനം യഥാസമയം ലഭ്യമല്ലാത്തിനാൽ കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയതിന്റെ ഭാഗമായി ഒരു ലിറ്ററിന് 60 പൈസ നിരക്കിൽ (2/2019 19-20 തീയ്യതി 2-4-2019 നംപർ കരാർ പ്രകാരം) 2.4.2019 മുതൽ 10.06.2019 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ 2594000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 1556400/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീഫണ്ട് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 3- ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയു മാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യ ങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ലാ കളക്ടർമാർക്ക് നൽകി റീഫണ്ട് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാ ണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീഫണ്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 1556400 രൂപ തനത് ഫണ്ട് പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്. ഇക്കാര്യം 5/19-20 ലെ 25-11-21 എൻക്വയറി മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് 27-11-2020ലെ ബി2-3226/20 നമ്പർ കത്തു

മുഖേന കുടിവെള്ള വിതരണത്തിന് ചെലവായ 1556400 രൂപ റീഫണ്ട് ചെയ്യുന്നതിന് സെക്രട്ടറി ബഹു ജില്ലാ കലക്ടർക്ക് കത്തു നൽകിയിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

2.ഫുഡ്$സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി.

2006 ലെഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങ ളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രേമ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി 2 വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല. ഇക്കാര്യം 5/19-20 ലെ 25-11-21 എൻക്വയറി മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് നൽകിയ മറുപടിയിൽ ഇപ്രകാരം ലൈസൻസ് ഉള്ള വാഹനങ്ങൾ കോഴിക്കോട് ജില്ലയിൽ തന്നെ കുറവായതിനാലും ടി സമയത്ത് ഇത്തരം വാഹനങ്ങൾ ലഭ്യമാകാതിരുന്ന തിനാലും കുടിവെള്ള വിതരണം ഈ സമയത്ത് നടത്തേണ്ടത് വളരെ അത്യാവശ്യമായിരു ന്നതിനാലുമാണ് മേൽ പ്രകാരമുള്ള വാഹനത്തിൽ കുടിവെള്ള വിതരണം നടത്താൻ കഴിയാതിരുന്നതെന്നും വരും വർഷങ്ങളിൽ ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇപ്രകാരമുള്ള വാഹനങ്ങളിൽ മാത്രമേ കുടിവെള്ള വിതരണം ചെയ്യ എന്ന് ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരി ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ഹരിതാഭം പച്ചക്കറി കൃഷി- പ്രോജക്ട് മാനദണ്ഡങ്ങൾ പാലിച്ചില്ല.

പ്രോജക്ട് നമ്പർ /പേര്	: 34/2019-20: ഹരിതാഭം പച്ചക്കറി കൃഷി
ഫണ്ടിനം/അടങ്കൽ തുക	: പ്ലാൻ ഫണ്ട്. : 1045000
ബിൽ നം. /തുക	: 1/2019-20 Dt.16/10/2019 - 110000
	3/2019-20 Dt.14/11/2019 -440000
	5/2019-20 Dt.15/01/2020–220000
	11/2019-20 Dt. 21/04/2020- 275000

വാർഡു തലത്തിൽ വനിതാ-കാർഷിക സമിതികൾ രൂപീകരിച്ച് വാർഡിലെ മുഴുവൻ കുടുംബങ്ങൾക്കും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുള്ള പച്ചക്കറികൾ സൗജന്യമായി ലഭ്യമാക്കാനായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്, കൂടാതെ കുടുംബശ്രീ ഉൾപ്പെടെ യുള്ള സ്വാശ്രയ സംഘങ്ങൾക്ക് 10 സെന്റിൽ കുറയാത്ത രീതിയിൽ തൊഴിലുറപ്പ് പദ്ധതിയെ

സംയോജിപ്പിച്ച് തരിശ്ശു നിലയങ്ങളിൽ കൃഷി ചെയ്യുന്നതിനും ലക്ഷ്യം വെച്ചി രുന്നു. തൈകൾ വിതരണം ചെയ്യുന്നതിനും പച്ചക്കറിത്തോട്ടങ്ങൾ കാര്യക്ഷമമാക്കുന്നതിനും 50കുടുംബങ്ങൾ ഉൾപ്പെടുന്ന രീതിയിൽ അയൽസഭകൾ രൂപീകരിക്കാനും വിഭാവനം ചെയ്തിരുന്നു. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാനദണ്ഡങ്ങൾ പാലിക്കാതെ കൃഷിഭവൻ 'തൈ വണ്ടി' എന്ന നിലയിൽ പഞ്ചായത്തിലുടനീളം നേരിട്ടും വാർഡ് മെമ്പർമാർ മുഖാന്തിരവും വിതരണം ചെയ്തു.

2. അർഹരായ ഗുണഭോക്താക്കൾ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള വിതരണത്തിലൂടെ പുറംതള്ളപ്പെട്ടു.

3. 1045000 ൽ പരം രൂപ ചെലവഴിച്ച പ്രോജക്ടിനായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയില്ല.

4. വാർഡ്തല കമ്മറ്റികളുടെ നിർവ്വഹണവും മോണിറ്ററിംഗും ഫലപ്രദമായി നടന്നില്ല.

5. സ്വാശ്രയ സംഘങ്ങൾ ഉൾപ്പെടെയുള്ള ഗ്രൂപ്പുകൾക്ക് 10 സെന്റിൽ കുറയാത്ത രീതിയിൽ തരിശ്ശു നിലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി യാതൊരു നടപടികളുമുണ്ടായില്ല.

6. എക്കോ ഷോപ്പ് താമരശ്ശേരിയിൽ നിന്നും വാങ്ങി കൃഷി ഭവൻ മുഖാന്തിരം വിതരണം ചെയ്ത പച്ചക്കറിതൈകളിൽ ബിൽ പ്രകാരമോ വിതരണ ലിസ്റ്റ് പ്രകാരമോ ഏതൊക്കെ തൈകളാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ കാണിച്ച് നൽകിയ എൻക്വയറിക്ക് കൃഷി ഓഫീസർ മറുപടി നൽകുകയും പഞ്ചായത്ത് നടപ്പിലാക്കിയ ഏറ്റവും മികച്ച പ്രോജക്ടുകളിലൊന്നായിരുന്നു ഹരിതാഭം പച്ചക്കറി കൃഷിയെന്നും ലക്ഷ്യം പൂർത്തീ കരിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചു. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-16 വിവിധ പ്രോജക്ടുകളിലായി മാലിന്യസംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കാൻ അംഗീകാരമില്ലാത്ത സ്ഥാപനവുമായി കരാറിലേർപ്പെട്ടു.

പ്രൊജക്ട്	41/2020-21 ഖരമാലിന്യ/ ഉറവിട മാലിന്യ സംസ്കരണം ബയോബിൻ വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥ	വി.ഇ.ഒ
അടങ്കൽ	70400
ബിൽ.നം	11/13-03-21 14080 14/27-03-21 56320

പ്രൊജക്ട്	റിങ്ങ് കമ്പോസ്റ്റ് പദ്ധതി(13/2020-21)
നിർവ്വഹണ ഉദ്യോഗസ്ഥ	വി.ഇ.ഒ

അടങ്കൽ	ധനകാര്യകമ്മീഷൻ അവാർഡ്-99500/-
ബിൽ.നം	10/2020-21: 70000 13/2020-21 : 29500

ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞടുക്കപ്പെട്ട 32 അങ്കണവാടികളിൽ യൂണിറ്റ് ഒന്നിന് 2200 രൂപ നിരക്കിൽ ബയോബിൻ വിതരണം നടത്താൻ 70000/-രൂപയുടെ പദ്ധതിക്ക് ഡി.എസ്സ്.എം/ കെ.കെ.ഡി/1/2021 തീയതി 30.01.2021പ്രകാരം ശുചിത്വമിഷൻ സാങ്കേതിക അനുമതി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനായി സോഷ്യോഇക്കോണമിക് യൂണിറ്റ് ഫൌണ്ടേഷൻ എന്ന സ്ഥാപനവുമായി 26.02.2021-ന് കരാറിലേർപ്പെട്ടു.

വ്യക്തിഗതമാലിന്യസംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റിങ്ങ് കമ്പോസ്റ്റ് പദ്ധതിയിൽ 400 ഗുണഭോക്താക്കൾക്ക് റിങ്ങ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി ഒന്നിന് 2500/- രൂപ നിരക്കിൽ 100000/-രൂപയുടെ പദ്ധതിക്ക് ഡി.എസ്സ്.എം/ കെ.കെ.ഡി/ ടി.എസ്/148/2021 തീയതി 13.01.2021പ്രകാരം ശുചിത്വമിഷൻ സാങ്കേതിക അനുമതി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനായി സോഷ്യോ ഇക്കോണമിക് യൂണിറ്റ് ഫൌണ്ടേഷൻ എന്ന സ്ഥാപനവുമായി 18.01.2021-ന് കരാറിലേർപ്പെട്ട് 99500/-രൂപ ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും മുൻകൂർ നൽകി.

ശുചിത്വമിഷന്റെ 02.12.2019- ലെ 2243/സി-2/2019 /എസ്.എം ഉത്തരവ് പ്രകാരം 31.03.2022 വരെയുള്ള കാലയളവിൽ വിവിധ മാലിന്യസംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയ സേവനദാതാക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച തിൽ സോഷ്യോഇക്കോണമിക് യൂണിറ്റ് ഫൌണ്ടേഷൻ-ഉൾപ്പെടുന്നില്ല. എന്നാൽ വി.ഇ.ഒ റിങ്ങ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനും ബയോബിൻ വിതരണം ചെയ്യുന്നതിനും സോഷ്യോ ഇക്കോണമിക് യൂണിറ്റ് ഫൌണ്ടേഷനുമായാണ് കരാർ വച്ചത്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയ സേവന ദാതാക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനത്തിന് കരാർ നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അവരുമായി ഏർപ്പെട്ട കരാറിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന് നൽകുന്ന വാറണ്ടി, പരിപാലനം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിലവിലും പൂർത്തിയായിട്ടുമില്ല. പദ്ധതി നടപ്പിലാക്കുമ്പോ ൾ നിലവിലുള്ള പ്രോജക്ട് ഉത്തരവുകൾ പരിശോധിക്കേണ്ടതും ചുമതലപ്പെടുത്തുന്ന സേവനദാതാക്കൾക്ക് അംഗീകാരമുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-17 പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല

പത്രപരസ്യ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന 15% ഇളവ് പ്രയോജന പ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നമ്പർ 17/(പി) ഐ &പി. ആർ ഡി/തിയ്യതി 8/12/15 പ്രകാരം ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട് . എന്നാൽ വിവിധ കാലയളവിലായി മാതൃഭൂമി ദിനപത്രത്തിൽ നൽകിയ ടെൻഡർ പരസ്യത്തിന്മേൽ മേൽ ഉത്തരവ് പ്രകാരമുള്ള ഇളവ് പരിഗണിക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ & തിയ്യതി	തുക	ഡിസ്കൗണ്ട് നിരക്കിലുള്ള തുക	പത്രത്തിന്റെ പേര്
21900132 Dt.17/05/2019	11138	9468	മാതൃഭൂമി
22000821 Dt. 06/01/2021	49392	41984	മാതൃഭൂമി

22000195 Dt. 27/06/2021	61974	52678	മാതൃഭൂമി

പത്ര പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തേണ്ടതും അധികം നൽകിയ തുക ഭാവിയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി	സർട്ടിഫിക്കറ്റ് നം. /തിയ്യതി
2019-20	ഓഡിറ്റ് കാലയളവ്	ഇതേ നമ്പർ സർട്ടിഫിക്കറ്റ്

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	50000	നെൽകൃഷി വികസനം	50000	0
		270000	ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും	270000	0
		50000	ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി	50000	0
		36000	ലൈഫ് ഭവനം-ജനറൽ	36000	0

		40000	ലൈഫ് ഭവനം-പട്ടികജാതി	40000	0
		294376	മാലിന്യ നിക്ഷേപസ്ഥലത്ത് ഷെഡ് സ്ഥാപിക്കൽ	294376	0
ആകെ		740376		740376	0
ജില്ലാ പഞ്ചായത്ത്	2019-20	78375	മുട്ടക്കോഴി വളർത്തൽ-ജനറൽ	78375	0
		125000	പോത്തുകുട്ടി വളർത്തൽ-ജനറൽ	125000	0
		400000	ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(So 346)	400000	0
		900000	ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(New 8)	0	900000
		50000	ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി	50000	0
		37052	ലൈഫ് ഭവനം-ജനറൽ	37052	0
		30038	ലൈഫ് ഭവനം-പട്ടികജാതി	30038	0
ആകെ		1620465		720465	900000

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതി ന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള

		തുക		തുക
അനർട്ട്	പഞ്ചായത്ത് ഓഫീസ് – സോളാർ എനർജി സിസ്റ്റം നവീകരണം	4,40,000	0	4,40,000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം/ തിയ്യതി	സാമ്പത്തിക വർഷം	തൻവർഷം എടുത്ത വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഇ.എം.എസ് ലോൺതിരിച്ചടവ്	GO 646/10/LSGD Dtd 25.2.10	2019-20	0	1397695	500000		897695
ലൈഫ് ഭവന പദ്ധതി(കെ.യു. ആർ.ഡി. എഫ്.സി ലോൺ)	GO(MS) No-68/2018-18.05.2018	2019-20	671794	1105154	397058		1379890

4-6 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	2943049
തൻവർഷം നിക്ഷേപിച്ച തുക	235444
ആകെ	3178493
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	3178493

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക

കെ.ഡി.സി ബാങ്ക്, താമരശ്ശേരി	24.3.19	24.3.20	3178493
ആകെ			3178493

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതുമായ ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	-	2001-02	5.11.10.1	ജലസേചനപദ്ധതികൾ	നിലനിൽക്കുന്നു
1998-99	-	2001-02	5.11.10.2	ഉപാധിരഹിത ഫണ്ട് – മരാമത്ത് പ്രവൃത്തികൾ	നിലനിൽക്കുന്നു
1999-00	40	2003-04	3.11.2	ചട്ടങ്ങൾ പാലിക്കാതെ മരാമത്ത് പ്രവൃത്തികൾ	നിലനിൽക്കുന്നു
1999-00		2003-04	11.14	ഊർജ്ജിത പച്ചക്കറി വികസന പദ്ധതി	നിലനിൽക്കുന്നു
2001-02	9	2003-04	11.13.4.2	കുടിവെള്ള / ജലസേചന പദ്ധതികൾ പരിപാലന കമ്മറ്റിയ്ക്ക് കൈമാറയില്ല	നിലനിൽക്കുന്നു
	7	2003-04	11.13.6.1	കാർഷിക യന്ത്രവത്കരണം - മൂലധനം പാഴാവുന്നു	നിലനിൽക്കുന്നു
2001-02	3-12	2005-06	2.70.1.4.1	ഭനവനിർമ്മാണം	ഓഡിറ്റ്പരിശോധിച്ച് സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ഒഴിവാക്കാൻ ശുപാർശ

2001-02	2-1	2005-06	2.70.1.11.9	തൊഴിൽ നികുതി രജിസ്റ്റർ	ഒഴിവാക്കാൻ ശുപാർശ
2001-02	2-3	2005-06	2.70.1.11.9	ഡി&ഒ,തൊഴിൽ നികുതി രജിസ്റ്റർ	ഒഴിവാക്കാൻ ശുപാർശ
2001-02	2-5	2005-06	2.70.1.11.9	കരാർ പാലിച്ചില്ല	ഒഴിവാക്കാൻ ശുപാർശ
2001-02		2005-06	2.70.1.4.11	നികുതി പിരിക്കുന്നതിൽ അലംഭാവം	നിലനിൽക്കുന്നു
2002-03	2-2	2006-07	3-79-1-8	നികുതി പിരിവിൽ അലംഭാവം	നിലനിൽക്കുന്നു
2003-04	2-3	2006-07	3-79-1-19	നികുതി പിരിവിൽ അലംഭാവം	നിലനിൽക്കുന്നു
	2-6,2-2	2006-07	3-79-2-1	കുടിശ്ശികക്കാർക്ക് വീണ്ടും കെട്ടിടമുറി അനുവദിച്ചു	നിലനിൽക്കുന്നു
	3-1	2006-07	3-79-3-4	രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ	നിലനിൽക്കുന്നു
	3-18	2006-07	3-79-3-5	ടാർ സ്റ്റോക്ക് രജിസ്റ്റർ എഴുതിയില്ല	നിലനിൽക്കുന്നു
	2-7	2006-07	3-79-5.3	വാട്ടർ ചാർജ് ഇനത്തിൽ വസ്തു കൈമാറ്റ തീരുവയിൽ നിന്നും തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ അപാകത	നിലനിൽക്കുന്നു
	3-10	2006-07	3-79-7.2	തെരുവു വിളക്കുകൾ സ്ഥാപിച്ചതിലും പരിപാലനത്തിലും അപാകതകൾ	നിലനിൽക്കുന്നു
2002-03	3-20	2006-07	3-79-8.1	കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ് ഫണ്ട് നൽകിയതിൽ അപാകത	നിലനിൽക്കുന്നു

2003-04	3-20	2006-07	3-79-11.1	കന്നുകുട്ടി പരിപാലനം - അപാകതകൾ	നിലനിൽക്കുന്നു
2002-03	3-19	2006-07	3-79-17.7	മുൻകൂർ കൈപ്പറ്റി നിശ്ചയിച്ച സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കിയില്ല	നിലനിൽക്കുന്നു
2002-03	3-22	2006-07	3-79-18.11	ചുണ്ടക്കുന്ന് ജലസേചന പദ്ധതി കിണർ പ്രവൃത്തി പൂർത്തിയാക്കിയില്ല	നിലനിൽക്കുന്നു
2003-04	3-21	2006-07	3-79-19.13	മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകി. പള്ളിപ്പുറം വെട്ട്കല്ല് പുറം കോളനി റോഡ്	നിലനിൽക്കുന്നു
		2012-13	3.1.10.1	നിർമ്മാണം നിലച്ച ഖരമാലിന്യ പ്ലാന്റുകൾ	-
		2012-13	3.1.12.9	ബയോഗ്യാസ് പ്ലാന്റ്	-
		2013-14	5.2.4.3	വിദ്യാലയങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ	-
		2013-14	5.2.4.4	സ്തംഭനാവസ്ഥയിലായ നിർമ്മാണപ്രവൃത്തികൾ	-
		2013-14	5.2.4.19	വിദ്യാവികസനം – പാഴ് ചെലവ്	-
2015-16	2-5	2016-17	അനുബന്ധം 5	തൊഴിൽ നികുതി – അപാകതകൾ	നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	85466248
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	77382483
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	0

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇനം
1-7-1	42535	എ.ഇ എൻ.ആർ.ഇ.ജി.എസ്	ജി.എസ്.ടി
1-12	13793	എ.ഇ എൽ.എസ്.ജി.ഡി	ജി.എസ്.ടി

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1998-99	എൽ.എഫ്.കെ.കെ.ഡി. പി1 /461/2011 തിയ്യതി 17.07.2012	3	55,56,57
1999-00	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (16) തിയ്യതി 19.03.2012	7	36,38,39,40,42,48,49
2000-01	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (17) തിയ്യതി 19.03.2012	1	11
2001-	എൽ.എഫ്.കെ.കെ.ഡി. പി1	2	7,8

02	/37/12 (18) തിയ്യതി 19.03.2012		
2002-03	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (19) തിയ്യതി 10.05.2012	25	2-1,2-2,2-3,2-5,2-6,3-1,3-2, 3-3,3-4,3-5,3-6,3-8,3-9,3-10,3-11, 3-12,3-13,3-14,3-15,3-16,3-17, 3-18,3-19,3-20,3-22
2003-04	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (20)തിയ്യതി 10.05.2012	12	2-5,2-6(3),2-6(4),3-5,3-8,3-10, 3-12,3-13,3-14,3-16, 3-18,3-19
2004-05	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (21)തിയ്യതി10.05.2012	7	2-1,3-1,3-6,3-7,3-9,3-10,4-2
2005-06	എൽ.എഫ്.കെ.കെ.ഡി. എസ്.2/1138/08 (19) തിയ്യതി 09.09.2008	9	2-1,3-1,3-2,3-3,3-4,3-5,3-6, 3-7,4-1
2006-07	എൽ.എഫ്.കെ.കെ.ഡി. എസ്.2/1538/08 (19) തിയ്യതി 11.03.2008	22	2-1,2-3,2-4,2-5,2-6,2-7,2-8,2-9, 2-10,2-11,2-13,2-14,3-2, 3-3,3-5,3-6,3-7,3-8,3-9,3-11, 3-12,4-5
2007-08	എൽ.എഫ്.കെ.കെ.ഡി. പി1 /37/12 (22) തിയ്യതി27.06.2012	52	1-5,1-6,2-1,2-2,2-3,2-4,2-5,2-6, 2-7,2-8,2-9,2-10,2-12,2-14, 2-15,2-16,2-17,3-1,3-2,3-3, 3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14,3-15,3-17,3-18, 3-19,3-21,3-23, 3-24,3-25,3-26,3-27,3-

			28,3-29, 3-30,3-31,3-32,3-33,3-34,4-6,4-7
2008-09	എൽ.എഫ്.കെ.കെ.ഡി. പി1 /981/12 തിയ്യതി 30.07.2012	18	2-1,2-5,2-8,2-10,2-12,2-13,3-1,3-2, 3-3(1),3-6(2),3-6(3),3-10,3-17,3-21(3)(5),3-24,3-25,3-27(3),3-28(1)
2009-10	എൽ.എഫ്.കെ.കെ.ഡി. പി1 /1052/13 തിയ്യതി10.09.2013	10	2-4ഇ, 2-8,2-9,3-2,3-4(2),3-4(4), 3-10,3-12,3-15,3-16
2010-11	എൽ.എഫ്.കെ.കെ.ഡി. പി1 /1053/13 തിയ്യതി23.08.2013	18	1-2,2-1,2-3,2-5,3-2,3-4,3-6,3-7, 3-8,3-9,3-10,3-11,3-12,3-14,3-15, 3-18,4-3,4-5,4-7
2011-12	എൽ.എഫ്.കെ.കെ.ഡി. പി11 /1017/14 തിയ്യതി11.08.2014	14	2-1,2-2,2-3,2-4,2-5,3-1,3-4,3-5, 3-6(3),3-7,3-8,3-9,3-11,3-13
2012-13, 2013-14	കെ.എസ്.എ/ കെ.കെ.ഡി/ പി11/661/ 2015 തീയതി-18.02.2016	20	2-1,3-1,3-2,3-3,3-5,3-6,3-7,3-8, 3-9,3-10,3-11,3-12,3-13,3-14,3-15, 3-16,3-17,3-19,4-1,4-9
2014-15	കെ.എസ്.എ/ കെ.കെ.ഡി/ പി11/994/2016 തീയതി-25.4.17	11	2-1,3-1,3-2,3-3,3-4,3-5,3-6,3-7,3-8, 3-9,3-10
2015-16	കെ.എസ്.എ/ കെ.കെ.ഡി/ പി11/25/ 2017തീയതി-01.04.2017	19	2-1,2-2,2-3,2-4,2-5,2-6,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13

2016-17	കെ.എസ്.എ/ കെ.കെ.ഡി/പി11/ 1671/ 2017 തീയതി-14.09.2017	23	2-1,2-2,2-3,2-4,2-5,2-6,2-7,3-1, 3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13, 3-14,3-15,3-16
2017-18	കെ.എസ്.എ/ കെ.കെ.ഡി/പി11/ 299/2019 തീയതി-25.03.2019	23	2-1,2-2,2-3,2-4,2-5,2-6,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13,3-14,3-15, 3-16,3-17
2018-19	കെ.എസ്.എ/ കെ.കെ.ഡി/പി3/ 2077/2019 തീയതി-5.06.20	35	1-1,1-2,1-3,1-5,1-6,1-7,1-8,1-9, 1-10,1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-20,1-21,1-22 ,1-23,1-24,1-25,1-26,1-27,1-28, 1-29,1-30,1-31,1-32,2-1,3-1, 4-10,4-11

ഡെപ്യൂട്ടി ഡയറക്ടർ,ർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്